**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3671 — 20.06.2019 ൽ മറുപടിക്ക്

## തൃക്കടവൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ നവീകരണം

| ചോദ്യം<br><br>ശ്രീ.എം. മുകേഷ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം മണ്ഡലത്തിലെ തൃക്കടവൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; | (എ) | തൃക്കടവൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. |
| (ബി) | ആർദ്രം മിഷന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് പരിഗണിച്ചുവരുന്ന സ്റ്റാൻഡാർഡൈസേഷന്റെ ഭാഗമായി ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളും തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തെ പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമായ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഒരു ജില്ലയിൽ നിന്നും രണ്ടു വീതം എന്ന കണക്കിൽ സംസ്ഥാനത്ത് ആകെ 28 ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ ആശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ